**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2716** — **22-01-2021 - ൽ മറുപടിയ്ക്ക്**

**കാട്ടുതീയിൽ നശിച്ച ജൈവസമ്പത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കാട്ടുതീയിൽ നശിച്ച വനമേഖല പുന:സൃഷ്ടിക്കുന്നതിന് വനംവകുപ്പ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് ഉണ്ടാകുന്ന കാട്ടുതീയിൽ കൂടുതലായും അടിക്കാട്ടുകളും പുൽമേട്ടുകളുമാണ് കത്തി നശിക്കാറുള്ളത്. ആയത് തുടർന്നു വരുന്ന കാലവർഷത്തിൽ സ്വാഭാവികമായി പൂർവ്വസ്ഥിതിയിൽ ആവുകയും ചെയ്യുന്നു. എന്നാൽ താരതമ്യേന വലിയ കാട്ടുതീ ഉണ്ടായ ഏതാനും മേഖലകളിൽ വനമേഖല പുന:സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഏത് മേഖലയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; | (ബി) | പാലക്കാട് വന്യജീവി വിഭാഗം സർക്കിളിന് കീഴിലെ പീച്ചി, തൃശ്ശൂർ സെൻട്രൽ സർക്കിളിനു കീഴിലെ ചെമ്പിക്കുന്ന് വനമേഖലകളെ പുന:സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കാട്ടുതീയിൽ നഷ്ടപ്പെട്ടു പോയ ജൈവസമ്പത്ത് തിരിച്ച് പിടിക്കുന്നതിന് ഈ പദ്ധതിയിലൂടെ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്? | (സി) | കാട്ടുതീയിൽ നാശം സംഭവിച്ച ജൈവസമ്പത്ത് തിരിച്ച് പിടിക്കുന്നതിന് ഈ പദ്ധതിയിലൂടെ ഒരു പരിധി വരെ സാധിക്കുന്നതാണ്. ഇതിനായി പ്രത്യേക തുകയൊന്നും വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ